ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് 62,000 കോടിയിലധികം രൂപയുടെ യുവജന കേ ന്ദ്രീകൃത സംരംഭങ്ങൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi unveils various youth focused schemes worth over 62 thousand crore rupees to boost education, skilling and entrepreneurship.**

2. കേരളം, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ചുമയ്ക്കുള്ള COLDRIF സിറപ്പിന്റെ വിൽപനയും വിതരണവും നിരോധിച്ചു.

   **The sale and distribution of COLDRIF syrup for cough have been banned in the states of Kerala, Madhya Pradesh, and Rajasthan.**

3. ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിച്ച് കേരള സർക്കാർ; മോഹൻ ലാലിന് ലഭിച്ച ദാദാ സാഹിബ് പുരസ്കാരം മലയാളസിനിമയ്ക്കുള്ള അംഗീകാരമെന്ന് മുഖ്യമന്ത്രി.

   **Kerala government honors actor Mohanlal, who received the Dadasaheb Phalke Award: the Chief Minister stated that the award received by Mohanlal is a recognition for Malayalam cinema.**

4. ദേശീയ പാതാ ടോൾ ഫീസ് നിരക്കുകളിൽ ഭേദഗതി വരുത്തി കേന്ദ്രം; ഫാസ്റ്റ് ടാഗ് ഇല്ലാതെ ടോൾ പ്ലാസ്സയിൽ പ്രവേശിക്കുന്ന വാഹനങ്ങൾ നൽകേണ്ട ഫീസ് ഇരട്ടിയാക്കി.

   **Government has amended National Highways Fee (Determination of Rates and Collection) Rules, 2008. Under the new rule, vehicles entering a fee plaza without a valid, functional FASTag will be charged twice the applicable user fee, if the fee payment is made in cash.**

5. കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത; പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെയും മറ്റന്നാളും മഞ്ഞ ജാഗ്രത.

Heavy rainfall is likely in Kerala in the coming days; Yellow alert has been issued in Pathanamthitta and Idukki districts for tomorrow and the day after.

6. ഇന്ത്യ വെസ്റ്റ് ഇൻഡീസ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഉജ്ജ്വല വിജയം; രവീന്ദ്ര ജഡേജ മാൻ ഓഫ് ദ മാച്ച്.

In Cricket, India defeated West Indies by an innings and 140 runs in the first Test. Ravindra Jadeja became Man of the Match.

****************************

## PM- YOUTH SCHEME (INTRO)

വിദ്യാഭ്യാസം, വൈദഗ്ദ്ധ്യം, സംരംഭകത്വം എന്നിവയ്ക്ക് ഊന്നൽ നൽകി 62,000 കോടിയിലധികം രൂപയുടെ യുവജന കേന്ദ്രീകൃത സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. രാഷ്ട്രനിർമാണത്തിൽ നൈപുണ്യവികസനം നിർണായക പങ്ക് വഹിക്കുന്നതായി അദ്ദേഹം പറഞ്ഞു.

(വോയിസ്)

യുവാക്കളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ടുള്ള പി.എം-സേതു പദ്ധതിയും ബിഹാറിന്റെ നിശ്ചയ് സ്വയം സഹായത ഭട്ട യോജനയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

****************************

## CENTRE - COUGH SYRUPS

രണ്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചുമയ്ക്കും ജലദോഷത്തിനുമുള്ള മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ നൽകരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കൃത്യമായ പരിശോധനകൾക്ക് ശേഷവും മേൽനോട്ടത്തിലുമായിരിക്കണം മരുന്നുകൾ നൽകേണ്ടതെന്ന് മാർഗനിർദേശത്തിൽ പറയുന്നു. എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ആരോഗ്യ വകുപ്പ് ഡയറക്ടർമാർക്ക്, മന്ത്രാലയം കത്തയച്ചിട്ടുണ്ട്.

****************************

## COUGH SYRUP

കേരളത്തിൽ COLDRIF സിറപ്പിന്റെ വിൽപന സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിർത്തിവയ്പ്പിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. പ്രശ്നം കണ്ടെത്തിയ ബാച്ചിന്റെ വിൽപ്പന നടത്തിയിട്ടില്ലെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. എങ്കിലും സുരക്ഷയെ കരുതിയാണ് മരുന്നിന്റെ വിതരണവും വിൽപ്പനയും പൂർണമായും നിർത്തിവയ്ക്കുന്നതെന്നും ആരോഗ്യമന്ത്രി അറിയിച്ചു. കോൾഡ്രിഫ് സിറപ്പിന്റെ വിൽപ്പന മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളും നിരോധിച്ചിട്ടുണ്ട്.

***************************

## PM- NADDA-SWASTH ABHIYAN

സ്വസ്ഥ് നാരി, സശക്ത് പരിവാർ അഭിയാൻ രാജ്യത്തെ സ്ത്രീശക്തിക്ക് ഗുണകരമാകുന്നതിൽ അക്ഷീണം പ്രവർത്തിച്ചവരെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. കേന്ദ്രമന്ത്രി ജെ പി നഡ്ഡയുടെ സാമൂഹ്യ മാധ്യമപോസ്റ്റിനോട് പ്രതികരിച്ചാണ് പ്രധാനമന്ത്രിയുടെ അഭിനന്ദനം. ജനപങ്കാളിത്തത്തിന്റെ ഉത്തമ ഉദാഹരണമാണ് ഈ പ്രചാരണ പരിപാടിയെന്നും ശ്രീ നരേന്ദ്ര മോദി വിശേഷിപ്പിച്ചു.

***************************

## FASTag-AMENDMENT

2008-ലെ ദേശീയ പാതാ ടോൾ ഫീസ് നിരക്കുകൾ കേന്ദ്രസർക്കാർ ഭേദഗതി ചെയ്തു. പുതിയ നിയമം അനുസരിച്ച്, ഫാസ്റ്റ് ടാഗ് ഇല്ലാതെ ടോൾ പ്ലാസ്സയിൽ പ്രവേശിക്കുന്ന വാഹനങ്ങൾ പണമായി നൽകേണ്ട ഫീസ് ഇരട്ടിയാക്കി. യു.പി.ഐ വഴിയാണെങ്കിൽ വാഹനത്തിന് ബാധകമായ ഉപയോക്തൃ ഫീസിന്റെ 1.25 മടങ്ങ് മാത്രമേ ഈടാക്കൂ. അടുത്ത മാസം 15 മുതൽ പുതിയ നിയമങ്ങൾ പ്രാബല്യത്തിൽ വരും.

***************************

## SITHARAMAN-PUNJI (INTRO)

'ആപ്കി പുഞ്ചി ആപ്കാ അധികാർ' പ്രചാരണപരിപാടിക്ക് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഗുജറാത്തിലെ ഗാന്ധിനഗറിൽ തുടക്കം കുറിച്ചു. നിഷ്ക്രിയ നിക്ഷേപങ്ങൾ നിയമാനുസൃത

അവകാശികൾക്ക് കൃത്യമായി തിരികെ ലഭിക്കുന്നതിന് ഈ പ്രചാരണപരിപാടി സഹായിക്കുമെന്ന് ധനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

## INCENTIVE SCHEME GUIDELINE

നിർണായക ധാതുക്കളുടെ പുനഃചംക്രമണ പ്രോത്സാഹന പദ്ധതിയിലൂടെ 1,500 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ കേന്ദ്ര ഖനി മന്ത്രാലയം പുറപ്പെടുവിച്ചു. ഇ-മാലിന്യം, ലിഥിയം - അയൺ ബാറ്ററികൾ, മറ്റ് പാഴ്വസ്തുക്കൾ തുടങ്ങിയവയിൽ നിന്ന് ക്രിട്ടിക്കൽ മിനറൽസ് ഉത്പാദിക്കുന്നതും രാജ്യത്തിന്റെ പുനഃചംക്രമണ ശേഷി വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

## ELECTION COMMISSION

നിയമസഭാ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ സംബന്ധിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ബിഹാറിലെ 12 രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ അധ്യക്ഷതയിൽ പട്നയിലാണ് യോഗം. തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി സംഘം രണ്ട് ദിവസം പട്നയിൽ തുടരും.

## GST REFORMS

പുതു തലമുറ ജിഎസ്ടി പരിഷ്കരണം വഴി വാണിജ്യ ചരക്ക് വാഹനങ്ങളുടെ നികുതി നിരക്ക് കുറച്ചത് ലോജിസ്റ്റിക്സ്, ഗതാഗത മേഖലയ്ക്ക് ഏറെ ഗുണകരമാകും. ഇതിലൂടെ രാജ്യത്തിന്റെ വിതരണ ശൃംഖലയെ പുനരുജ്ജീവിപ്പിക്കുകയും കയറ്റുമതി മത്സരശേഷി മെച്ചപ്പെടുത്തുകയും ചെയ്യുമെന്നാണ് വിലയിരുത്തൽ. ചരക്ക് നീക്കത്തെ ഉത്തേജിപ്പിക്കുക ലക്ഷ്യമിട്ട് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായാണ് ജിഎസ്ടി നിരക്ക് കുറച്ചിട്ടുള്ളത്.

## CHEQUE CLEARANCE

ചെക്ക് ക്ലിയറിങ് മണിക്കൂറുകൾക്കുള്ളിൽ സാധ്യമാക്കുന്ന പരിഷ്കാരവുമായി റിസർവ് ബാങ്ക്. നിലവിൽ രണ്ടു ദിവസം വരെ കാത്തിരിക്കേണ്ട സാഹചര്യത്തിനാണ് ഇതിലൂടെ മാറ്റം വരുന്നത്.

രാവിലെ പത്ത് മുതൽ വൈകുന്നേരം നാല് വരെ തുടർച്ചയായി ചെക്കുകൾ സ്കാൻ ചെയ്യും. പണം നൽകേണ്ട ബാങ്കുകൾ വൈകുന്നേരം ഏഴ് മണിക്കുള്ളിൽ ചെക്കുകൾ സ്ഥിരീകരിക്കണം. അല്ലെങ്കിൽ രാത്രിതന്നെ പണം അക്കൗണ്ട് ഉടമയ്ക്ക് ഓട്ടോമാറ്റിക് ആയി കൈമാറും.

*************************

## Vaishno Devi Yatra

ജമ്മു കശ്മീരിലെ മാതാ വൈഷ്ണോ ദേവി യാത്ര നാളെ മുതൽ താത്കാലികമായി നിർത്തിവെയ്ക്കും. മോശം കാലാവസ്ഥയെ തുടർന്ന് ഈ മാസം 7 വരെയാണ് തീർത്ഥാടന യാത്ര നിർത്തിവെക്കുന്നത്. മാതാ വൈഷ്ണോ ദേവി ബോർഡ് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ തീർത്ഥാടകർ കൃത്യമായി പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

*************************

## Amitshah (intro)

രാജ്യം 2026 മാർച്ച് 31 ഓടെ ഇടതുപക്ഷ തീവ്രവാദത്തിൽ നിന്ന് മുക്തമാകുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഛത്തീസ്ഗഡിലെ ജഗ്ദൽപൂരിൽ ദസറാ ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളിലേക്ക് വികസനം എത്താത്തതിന് കാരണം രാജ്യത്ത് നിലനിൽക്കുന്ന നക്സൽ പ്രവർത്തനങ്ങളാണെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

(ഹോൾഡ്)

*************************

## CM - KERALA

വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ അർഹമായ സഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ തയാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മാനദണ്ഡങ്ങൾ പ്രകാരം ആവശ്യപ്പെട്ട പുനർനിർമ്മാണ സഹായത്തിൽ 260.56 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇത് ആവശ്യമായ തുകയുടെ എട്ടിലൊന്നു പോലുമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

*************************

## LAL SALAM-MOHANLAL (INTRO)

ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിച്ച് കേരള സർക്കാർ. മോഹൻ ലാലിന് ലഭിച്ച ദാദാ സാഹിബ് പുരസ്കാരം മലയാളസിനിമയ്ക്കുള്ള അംഗീകാരമാ

ണെന്ന് മലയാളം വാനോളം - ലാൽസലാം പരിപാടി ഉദ്ഘാടനം ചെയ്തുവെ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തനിക്ക് ലഭിച്ച ദാദാ സാഹിബ് ഫാൽക്കേ പുരസ്കാരം കേരളത്തിന് സമർപ്പിക്കുന്നതായി നടൻ മോഹൻലാൽ പറഞ്ഞു.
(വോയിസ്)
ചടങ്ങിൽ രാഷ്ട്രീയ - ചലച്ചിത്ര മേഖലയിലെ നിരവധി പ്രമുഖർ പങ്കെടുത്തു.

***********************************

## WEATHER – KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത എന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെയും മറ്റന്നാളും മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്.

***********************************

## SABARIMALA –ENQUIRY

ശബരിമലയിലെ സ്വർണ്ണം പൂശിയ പാളിയുടെ അറ്റകുറ്റ പണികളുമായി ബന്ധപ്പെട്ട വിഷയത്തിൽ സമഗ്ര അന്വേഷണം വേണമെന്ന് ഹൈക്കോടതിയോട് ആവശ്യപ്പെടുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്. അറ്റകുറ്റ പണികൾക്കായി ചെന്നൈയിലേക്ക് കൊണ്ടുപോയത് എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണെന്നും ദേവസ്വം ബോർഡ് അറിയിച്ചു. അതെസമയം, സംഭവത്തിൽ അന്വേഷണം വേണമെന്നും അല്ലാത്തപക്ഷം യുഡിഎഫ് ശക്തമായ പ്രക്ഷോഭത്തിലേക്ക് കടക്കുമെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അറിയിച്ചു. ഇത്തരം കുറ്റകൃത്യങ്ങൾ അന്വേഷിക്കേണ്ടത് സ്വതന്ത്രാധികാരമുള്ള ഏജൻസികളാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

***********************************

## REV. DAY CRICKET TEST

ഇന്ത്യ വെസ്റ്റ് ഇൻഡീസ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഉജ്ജ്വല വിജയം. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ ഇന്നിംഗ്സിനും 140 റൺസിനുമാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. രണ്ട് മത്സരങ്ങളുള്ള

പരമ്പരയിൽ ഇന്ത്യ 1-0 ന് മുന്നിലെത്തി. രവീന്ദ്ര ജഡേജയാണ് മാൻ ഓഫ് ദ മാച്ച്. പരമ്പരയിലെ രണ്ടാമത്തെ മത്സരം ഈ മാസം 10 മുതൽ ഡൽഹിയിലെ അരുൺ ജെയ്റ്റ്‌ലി സ്റ്റേഡിയത്തിൽ നടക്കും.